ഫണ്ടിനം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ബാലൻസ് (ലാപ്സായത്)
എം.ജി.(റോഡ്)	81,86,600 (ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുക)	24,41,892	57,44,708
എം.ജി. (നോൺറോഡ്)	12,85,000 (അസി.എഞ്ചിനീയറുടെ പ്രോജക്ടുകൾക്ക് വകയിരുത്തിയ വിഹിതം)	0	12,85,000
ആകെ			70,29,708

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട റോഡുകളിൽ ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിക്ക് പൈപ്പിടുന്നതിന് വേണ്ടി കീറിമുറിച്ചത് മൂലവും കാലവർഷക്കെടുതി മൂലവും അടിയന്തിരമായ മെയിൻറനൻസ് അനിവാര്യമായ സാഹചര്യത്തിലാണ് ഫണ്ട് ലാപ്സാകുന്നത് എന്നത് ഗൗരവമർഹിക്കുന്നു . കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയെ ഉന്നത നിലവാരത്തിലേക്കുയർത്തുന്നതിനും ഉപയോഗപ്പെടുത്താമായിരുന്ന റോഡിതര മെയിന്റനൻസ് ഫണ്ടും ലാപ്സായതിൽ ഉൾപ്പെടുന്നു. അസി.എഞ്ചിനീയർക്ക് നിർവ്വഹണം നടത്തുന്നതിന് അംഗീകാരം വാങ്ങിയ 107 പ്രോജക്ടുകളിൽ 81 പ്രോജക്ടുകൾക്കും ഓഡിറ്റ് വർഷത്തിൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല.

അസി. എഞ്ചിനീയറുടെ പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

	സ്പിൽഓവർ	പുതിയത്	ആകെ
അംഗീകരിച്ച പ്രോജക്ടുകൾ	33	74	107
നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ	16	10	26
തൻ വർഷം പൂർത്തീകരിക്കാത്ത പ്രോജക്ടുകൾ	17	64	81
വകയിരുത്തിയ ഫണ്ട്			4,80,03,894
ചെലവഴിച്ചത്			76,74,594
ചെലവ് ശതമാനം			16%

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവാത്തതിനും അത് വഴി ഗ്രാമപഞ്ചായത്തിന് വൻ തുക ലാപ്സായതിനും കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-10/18.9.2024 നുള്ള മറുപടിയിൽ പല കാരണങ്ങളാലാണ് വർക്കുകൾ പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതെന്ന് അസി. എഞ്ചിനീയർ അറിയിച്ചു. അസി.എഞ്ചിനീയർക്ക് അധികച്ചുമതലയുണ്ടായതിനാൽ മുഴുവൻ സമയ സേവനം ലഭ്യമായിരുന്നില്ലെന്നും വർക്കുകൾ വെച്ചിരുന്ന പല റോഡുകളിലും ജല ജീവൻ മിഷൻ കുടിവെള്ള പദ്ധതിക്ക് വേണ്ടി റോഡ് കട്ടിംഗ് നടന്നിരുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നുവെന്നും കൂടാതെ ടാറിംഗ് വർക്കുകൾ നിരവധി തവണ ടെണ്ടറും റീടെണ്ടറും നടത്തിയിട്ടും കരാറുകാർ ആരും ഏറ്റെടുക്കാത്ത സ്ഥിതിയുണ്ടായിരുന്നുവെന്നും ഇത്തരത്തിൽ സമയ നഷ്ടം വന്നതിന് പുറമേ കുറേ വർക്കുകൾ ആസ്തിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ ആയതിനാൽ വർക്ക് ചെയ്യാൻ സാധിച്ചില്ലെന്നും കൂടാതെ മാർച്ച്- 16 മുതൽ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ ആരംഭിച്ച വർക്കുകൾ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചുള്ളുവെന്നും പുതിയ വർക്കുകൾ ഒന്നും ആരംഭിക്കാൻ സാധിച്ചില്ലെന്നും മറുപടിയിൽ വ്യക്തമാക്കി.

ഭാവിയിൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും സമയക്രമം പാലിച്ച് പൂർത്തീകരിക്കാനും വകയിരുത്തിയ ഫണ്ട് ലാപ്സാവാതിരിക്കുന്നതിനും ജാഗ്രത പുലർത്തേണ്ടതാണ്. വികസന സ്റ്റാന്റിഗ് കമ്മിറ്റിയുടെ നേതൃത്വപരമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

1-25 സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തീകരിക്കാൻ സാധിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ
ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്ന 33 മരാമത്ത് പ്രോജക്ടുകൾ പ്രസ്തുത വർഷത്തിൽ പൂർത്തീകരിക്കാനാവാതെ 2023-24 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി- പ്രവൃത്തികളിൽ 17 പ്രവൃത്തികൾ 2023-24 വർഷത്തിലും പൂർത്തിയാക്കുകയോ ബിൽ തുക നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷവും പൂർത്തീകരിച്ചിട്ടില്ല. ഇക്കാരണത്താൽ പ്രസ്തുത പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവർ ആവുകയും സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം കൂടാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിനും പ്രോജക്ട് തയ്യാറാക്കിയതിലൂടെ ആ പ്രദേശത്തെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാതെ വരികയും ചെയ്തിട്ടുണ്ട്.

മേൽ സ്പിൽഓവർ പ്രവൃത്തികളുടെ വിവരങ്ങൾ വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എ® കൃയറി നമ്പർ-11/18.9.2024 നുള്ള മറുപടിയിൽ പല കാരണങ്ങളാലാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്ന് അറിയിച്ചു. മേൽ 17 പ്രവൃത്തികളിൽ 7 പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും 6 പ്രവൃത്തികൾ Ongoing ആണെന്നും അറിയിച്ചു. 4 പ്രവൃത്തികളിൽ നാളിതു വരെ ടെണ്ടർ/ എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചിട്ടില്ലെന്നും മറുപടിയിൽ അറിയിച്ചു.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും മേലിൽ സ്പിൽ ഓവർ പ്രവൃത്തികൾ ആയത് സ്പിൽഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കുന്നതിന് സത്വര ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

1-26 റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

തെന്നല ഗ്രാമ പഞ്ചായത്തിലെ മണ്ണത്തനാത്ത് ഇല്ലിക്കൽ റോഡ്, കുറുത്താൽ കോഴിച്ചെന റോഡ് എന്നീ റോഡുകളിൽ ഡിജിറ്റൽ ഓപ്റ്റിക്കൽ ഫൈബർ സ്ഥാക്കുന്നതിന് റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതിക്കായുള്ള സുഗമ പോർട്ടൽ വഴിയുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് , പാലാരിവട്ടം എന്ന സ്ഥാപനത്തിന് 10.4.2023 ലെ എ1-ROW/1057700/64897 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് അനുമതി നൽകിയിരുന്നു. ആയതിന് റെസ്റ്റോറേഷൻ ചാർജിന്റെ 2.5 ശതമാനം നിരക്കിൽ സൂപ്പർവിഷൻ ചാർജ് ചുവടെ ചേർത്തിട്ടുള്ള വിധം സ്ഥാപനം അടവാക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ബാങ്ക് ഗ്യാരണ്ടിയായി സമർപ്പിച്ചിട്ടുള്ളതുമാണ്.

ക്രമ നം.	പ്രവൃത്തി നടത്തുന്ന റോഡ്	സൂപ്പർവിഷൻ ചാർജ് ആയി അടവാക്കിയ തുക	രശീതി നം.
1	മണ്ണത്തനാത്ത് ഇല്ലിക്കൽ റോഡ്	7720	1230000307/25.9.2023
2	കുറുത്താൽ കോഴിച്ചെന റോഡ്	6682	1230000306/25.9.2023

എന്നാൽ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകത ശ്രദ്ധയിൽപ്പെട്ടു.

1. റോഡിൽ കേബിൾ സ്ഥാപിക്കുന്ന ജോലി പൂർത്തിയായിട്ടും കട്ട് ചെയ്ത റോഡ് റീസ്റ്റോർ ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം 29.7.2024 ലെ കത്തിൽ സെക്രട്ടറി സ്ഥാപനത്തെ അറിയിക്കുകയും ചെയ്തിരുന്നു. ആയതിൻമേലുള്ള തുടർ നടപടി വിവരം ലഭ്യമായിട്ടില്ല.

2. ക്രമ നം. 1 പ്രകാരമുള്ള റോഡിലെ പ്രവൃത്തിക്ക് റീസ്റ്റോറേഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാങ്ക് ഗ്യാരന്റിയായി സമർപ്പിച്ച 1823885 രൂപയുടെ ഗ്യാരന്റി പേപ്പറിന്റെ കാലാവധി 17.3.2024 ൽ അവസാനിച്ചിരിക്കുകയാണ്. എന്നാൽ ആയത് നാളിതു വരെ പുതുക്കി നൽകിയിട്ടില്ല. പുതുക്കേണ്ട സാഹചര്യം സെക്രട്ടറി സ്ഥാപനത്തെ 29.7.24 ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനും നിലവിലെ സ്ഥിതി വിവരം അറിയിക്കാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 5/12.9.2024 നുള്ള മറുപടിയിൽ മുഴുവൻ കേബിൾ പ്രവൃത്തി പൂർത്തിയായിട്ടും ഇത് വരെ എസ്റ്റിമേറ്റ് പ്രകാരമുള്ള Permenent Restoration പ്രവൃത്തി എഞ്ചിനീയർ വിംഗിന്റെ സൂപ്പർവിഷനോട് കൂടി സ്ഥാപനം നടത്തിയിട്ടില്ലെന്ന് അറിയിച്ചു. ടി- വിഷയവുമായി ജിയോ കമ്പനിയുമായി ബന്ധപ്പെട്ടപ്പോൾ മഴക്കാലം കഴിഞ്ഞ ഉടനെ റീസ്റ്റോറേഷൻ പ്രവൃത്തി ആരംഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

മേൽ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022, ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കല് തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ 4 യോഗങ്ങൾ ചേർന്നിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുക മാത്രമാണ് മേൽ യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കേണ്ടതും അതു വഴി കാര്യക്ഷമമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തേണ്ടതുമാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നമപർ. 28/19-9-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-28 തെരുവ് വിളക്ക് റിപ്പയർ പദ്ധതി- അപാകതകൾ

പ്രോജക്ട് നം. 191/24

തെരുവ് വിളക്ക് റിപ്പയർ പദ്ധതി (സ്പിൽ ഓവർ)

അടങ്കൽ തുക – 5,50,000 രൂപ (തനത് ഫണ്ട്)

വിനിയോഗിച്ച തുക – 3,51,027 രൂപ (തനത് ഫണ്ട്)

വൗച്ചർ നം.22300101/24.05.2023 – 19,021 രൂപ

വൗച്ചർ നം.22300356/21.09.2023 – 1,67,723 രൂപ

വൗച്ചർ നം.22300360/30.09.2023 – 14,538 രൂപ

വൗച്ചർ നം.22300357/30.09.2023 – 16,473 രൂപ

വൗച്ചർ നം.22300686/14.02.2024 – 1,33,272 രൂപ

നിർവ്വഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളലെ തകരാറിലായ തെരുവ് വിളക്കുകളുടെ റിപ്പയർ പ്രവൃത്തിയാണ് പദ്ധതി പ്രകാരം നടത്തിയിട്ടുള്ളത്. ടെണ്ടർ മുഖേന കുറഞ്ഞ തുക ക്വാട്ട് ചെയ്ത എം പവർ ട്രേഡിംഗ് സിസ്റ്റം, ചെമ്മാട് എന്ന സ്ഥാപനം മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങി, 19,021 രൂപ സൂപ്പർ വിഷൻ ചാർജ് ഒടുക്കിയാണ് പ്രവർത്തി നടത്തിയിട്ടുള്ളത്. കെ എസ് ഇ ബി വെന്നിയൂർ ഇലക്ട്രിക്കൽ സെക്ഷനിൽ 512 എണ്ണം തെരുവ് വിളക്കുകളുടെ സൂപ്പർ വിഷൻ ചാർജ് ആദ്യ ഒടുക്കി. പിന്നീട് 446 എണ്ണം തെരുവ് വിളക്കുകളുടെ സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ 16,473 രൂപ വീണ്ടും ഒടുക്കിയാണ് പദ്ധതി നിർവ്വഹണം നടത്തിയത് ആകെ 933 എണ്ണം 15,20,24,50 വാട്സ് തെരുവ് വിളക്കുകളുടെ റിപ്പയർ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്,

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011 പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

I)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഐ എസ് ഐ മാർക്കുള്ളവയാകണം

Ii)കെ എസ് ഇ ബി നിരക്കിനെക്കാൾ ഉപകരണങ്ങളുടെ തുക അധികരിക്കുവാൻ പാടില്ല.

എന്നാൽ ആയവ പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തനരഹിതമായ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. തുടക്കത്തിൽ 512 എണ്ണം തെരുവ് വിളക്കുകളുടെ റിപ്പയറാണ് ഉദ്ദേശിച്ചത്. ആയത് പിന്നീട് വീണ്ടും 446 എണ്ണം കൂടി ഉൾപ്പെടുത്തി രണ്ടാമതും സ്ഥാപനവുമായി ഉടമ്പടി വെച്ച് 933 ൽ എത്തുകയായിരുന്നു.

വെന്നിയൂർ, എടരിക്കോട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിലാണ് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത സെക്ഷനുകളിൽ ഉൾപ്പെട്ടിട്ടുള്ള തെരുവ് വിളക്കുകളെ സംബന്ധിച്ച കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ലഭ്യമല്ല. തെരുവു വിളക്കുകളുടെ വാട്സ് വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിലെ മിനി മാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റുകൾ സംബന്ധിച്ച വിവരവും രേഖപ്പെടുത്തിയിട്ടില്ല. നിലവിലും (933 എണ്ണം റിപ്പയർ ചെയ്തത്) കൃത്യമായ വിവര ശേഖരണം നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചതു സംബന്ധിച്ച വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല (ഗവ.സർക്കുലർ നം.3055/ ഡി.എ.3/2011/തസ്വഭവ തി.15.09.2011).

3) സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മറ്റി തീരുമാനമെടുത്തിട്ടില്ല. ആയതിനാൽ ഉല്പന്നനങ്ങൾ ഗുണനിലവാരമുള്ളതാണോയെന്ന് വ്യക്തമായിട്ടില്ല. ഏതിനം 15,20,24,50 വാട്സ് എൽ ഇ ഡി ഓട്ടോമാറ്റിക് ലൈറ്റാണ് ഉപയോഗിച്ചത് എന്നുള്ള വിവരം ഫയലിൽ ഇല്ല.

4) കെ എസ് ഇ ബി ഇലക്ട്രിക് പോസ്റ്റിലാണ് പ്രവൃത്തി നടക്കുന്നത് എന്നതിനാൽ കെ എസ് ഇ ബി യുടെ മേൽനോട്ടത്തിലാണോ പ്രവൃത്തി നടത്തിയതെന്ന് വ്യക്തമല്ല. പ്രവർത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും കെ എസ് ഇ ബിയിൽ നിന്നും ലഭിച്ചിട്ടില്ല.

വാർഡ് മെമ്പർമാർ സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്.

5) പ്രവൃത്തിയിൽ ലേബർ ഘടകം ഉൾപ്പെടുന്നതിനാൽ നിയമാനുസൃതമായി ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമ നിധിവിഹിതം 1% ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

6)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ വ്യക്തമാക്കിയത് പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. ആയത് പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

7)സ്ഥാപനവുമായി 22.05.2023ന് ഒപ്പുവെച്ച ഉടമ്പടി പ്രകാരവും (നം. 2/2023-24)രണ്ടാമത് ഒപ്പുവെച്ച എഗ്രിമെന്റ് (നം.7/2023-24/07.10.2023)പ്രകാരവും 12 മാസത്തെ വാറണ്ടി സ്ഥാപനം നൽകുന്നുണ്ട്.വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കുന്നതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/2023-24/18.09.2024) നൽകിയ മറുപടിയിൽ രജിസ്റ്റർ കാലികമാക്കി വിവരമറിയിക്കുന്നതാണെന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടുത്ത പാർട്ട് ബില്ലിൽ നിന്നും (നിലവിൽ 60% തുകയാണ് സ്ഥാപനത്തിന് കരാർ പ്രകാരം നൽകിയിട്ടുള്ളത്) ഈടാക്കി അറിയിക്കുന്നതാണെന്നും, റിപ്പയർ പ്രവൃത്തിയായതിനാലാണ് ഗ്രാമപഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മറ്റി തീരുമാനമെടുക്കാതിരുന്നത് എന്നും ബോധിപ്പിച്ചു. ക്രമനം.(6), (7), (1) എന്നിവയിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചുവെന്ന് അറിയിച്ചെങ്കിലും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും കെ എസ് ഇ ബിയിൽ നിന്നും ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്. ആയതുവരെയും പദ്ധതിക്കായി ചെലവഴിച്ച 3,51,027 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-29 ലൈഫ് ഭവന പദ്ധതി:അപാകത

വി.ഇ.ഒ നിർവഹണം നടത്തിയ ലൈഫ് പദ്ധതിയിൽ 2023-24 സാമ്പത്തിക വർഷത്തിൽ ധനസഹായം കൈപറ്റിയ താഴെ കാണുന്ന ഗുണഭോക്താക്കൾക്ക് അവസാന ഗഡു വിതരണം ചെയ്തിട്ടില്ല. ചില വീടുകൾക്ക് നമ്പർ ലഭിക്കാത്തതിനാൽ ആണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളത്. മറ്റു ചിലർ അവസാന സ്റ്റേജുകൾ പൂർത്തിയാക്കിയിട്ടില്ല. 6 മാസത്തിനകം വീട് നിർമാണം പൂർത്തിയാക്കാമെന്നതാണ് കരാർ പ്രകാരമുള്ള വ്യവസ്ഥ. വിശദാംശം:

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	വാർഡ്	നിലവിലെ സ്റ്റേജ്	റജിസ്റ്റർ പേജ്
1	സതീദേവി വെളുത്തേടത്ത് പറമ്പി®	5	മേൽക്കൂര	58
2	ഭാസ്കര® പൂഴിക്കപാറ	13	“”	59
3	സുഭാഷിണി കെ പി	5	“”	60
4	തങ്കമ്മു മുല്ലപ്പള്ളി	8	നമ്പർ ലഭ്യമായില്ല	62
5	കദീജ ചോലക്ക®	2	ലിൻറൽ	65
6	രജീഷ് കുമാ® മുതല വീട്ടി®	8	മേൽക്കൂര	69
7	ശിഹാബുദ്ധീ® പള്ളിക്ക®	8	നമ്പർ ലഭ്യമായില്ല	70
8	ശ്രീ.അലി ചക്കാലം കുന്നത്ത്	4	മേൽക്കൂര	74
9	ശ്രീമതി ഫാത്തിമ പുതുപ്പറമ്പ്	8	ലിൻറൽ	75
10	ശ്രീമതി നഫീസ കോടിയാട®	11	മേൽക്കൂര	76
11	ശ്രീമതി ബുഷ്റ ബി കെ	3	മേൽക്കൂര	77
12	ശ്രീമതി പുഷ്പ ചക്കി പറമ്പി®	17	മേൽക്കൂര	78

ഇക്കാര്യത്തിലെ പുരോഗതി/നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം നല്കേണ്ടതും ശേഷിക്കുന്നവ പൂർത്തിയാക്കി വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-30 "വാതിൽപ്പടി മാലിന്യ ശേഖരണം :ക്യാരി ബാഗുകൾ വിതരണം ചെയ്യൽ": പദ്ധതി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ
പദ്ധതിയുടെ പേര്	വാതി® പ്പടി മാലിന്യ ശേഖരണം : ക്യാരി ബാഗുക® വിതരണം ചെയ്യൽ
പ്രൊജക്ട് നം.	231/24
അടങ്കൽ- 585200	300000 (സി.എഫ്.സി)
ചെലവ്	236349
വൗച്ചർ/തി	22300830/31.03.2024
ഇൻവോയ്സ് നം./തി	M000141/6.12.24
തുക നല്കിയത്	ഹെഡ്കോ, പന്തീരങ്കാവ്,കോഴിക്കോട്

വാതി® പ്പടി മാലിന്യ ശേഖരണത്തി® റെ ഭാഗമായി വീടുകളി® രണ്ട് ക്യാരി ബാഗുക® വിതരണം ചെയ്ത് ഒന്നി® പ്ലാസ്റ്റിക് മാലിന്യവും മറ്റേതി® പേപ്പ® തുടങ്ങിയ മാലിന്യവും സൂക്ഷിച്ച് ഹരിത ക® മ്മ സേനക്ക് കൈമാറുകയും ഇത് വഴി ഹരിത ക® മ്മ സേനയുടെ പ്രവ® ത്തനം മെച്ചപ്പെടുത്തുകയും പഞ്ചായത്തിനെ സമ്പൂ® ർണ്ണ മാലിന്യമുക്തമാക്കുകയും ചെയ്യുക എന്നതാണ് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ "വാതി® പ്പടി മാലിന്യ ശേഖരണം :ക്യാരി ബാഗുക® വിതരണം ചെയ്യൽ" എന്ന പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. 15.70 രൂപ നിരക്കിൽ 15,000 ചാക്കുകൾ പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുണ്ട്.

പദ്ധതിയുടെ ഓഡിറ്റിനു ഹാജരാക്കിയ ഫയ® പരിശോധിച്ചതി® താഴെ കൊടുത്ത അപാകതക® ഉണ്ട്.

1. പദ്ധതിയുടെ ഭാഗമായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുകയായ 10.70 രൂപ രേഖപ്പെടുത്തിയ ‘‘ശ്രീ സിന്തറ്റിക്സ്,കൊൽക്കൊത്ത’’ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാതെ 15.75 രൂപ ക്വോട്ട് ചെയ്ത ‘‘ഹെഡ്കോ പന്തീരങ്കാവ്,കോഴിക്കോട്’’ എന്ന സ്ഥാപനത്തിനു സപ്ലൈ ഓർഡർ നല്കിയതിലൂടെ 75,750 രൂപ അധിക ചെലവു വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. (236250-160500). ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

2. പദ്ധതി രേഖകൾ, പ്രോക്വയർമെൻറ് കമ്മിറ്റി മിനുട്സുകൾ എന്നിവ പരിശോധിച്ചതിൽ നിരസിക്കപ്പെട്ട ടെണ്ടർ നല്കിയ സ്ഥാപനം അന്യ സംസ്ഥാനത്താണെന്നതല്ലാതെ (വെസ്റ്റ് ബംഗാൾ) മറ്റു യുക്തമായ കാരണങ്ങൾ രേഖപ്പെടുത്തുകയോ ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

3. ഇ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ ഒന്ന്, ഒരെണ്ണത്തിനു 5 രൂപ കുറച്ചുള്ള നിരക്കിൽ (10.70) ഇതേ ഇനം സപ്ലൈ ചെയ്യാൻ തയാറായ സാഹചര്യം നിലവിലുണ്ടായിട്ടും സപ്ലൈ ഓർഡർ കൊടുത്ത സ്ഥാപനത്തിന്റെ ഉയർന്ന നിരക്ക് (15.75) കുറക്കാൻ ഉള്ള സാധ്യത പരിഗണിക്കുകയോ നെഗോഷിയേഷൻ നടത്തുകയോ ചെയ്തതായി കാണുന്നില്ല.

4. സ്വീകരിച്ച സ്ഥാപനത്തിന്റെ ഒഴികെ മറ്റു സ്ഥാപനങ്ങളുടെ ടെണ്ടർ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ കാണിച്ച തുകയുടെ കൃത്യത ഓഡിറ്റിൽ ഉറപ്പുവരുത്താൻ ആയിട്ടില്ല.

5. വാങ്ങിയ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ ഇൻവോയ്സ് വിവരം, സപ്ലൈയറുടെ വിവരം, വിതരണ ബാലൻസ് വിവരം തുടങ്ങിയ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ നിർദ്ദിഷ്ട ഫോർമാറ്റിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6.വിതരണ രേഖകൾ പ്രകാരം ശ്രീ കൃഷ്ണദാസ് (ഹരിത കർമ സേനാ സെക്രട്ടറി) എന്ന വ്യക്തി 15,000 കാരി ബാഗുകൾ

കൈപറ്റിയതായി കാണിച്ചിട്ടുണ്ടെങ്കിലും ടിയാൻ ആയത് ആർക്കൊക്കെ എത്ര എണ്ണം വീതം വിതരണം ചെയ്തെന്നതോ ഇനി എത്ര ശേഷിക്കുന്നുണ്ടെന്നതോ വ്യക്തമാകുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ഹരിത കർമ സേനയുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് വേളയിൽ ലഭ്യമായിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിയുടെ മേൽ തുടർ നടപടികൾ നിരീക്ഷണ വിധേയമാക്കിയതായും കാണുന്നില്ല. (29.9.23 ലെ ഭരണ സമിതി തീരുമാനം നം. 1-2 പ്രകാരം മെമ്പർമാരുടെ നേതൃത്വത്തിൽ എൻ.എസ്.എസ് വളണ്ടിയർമാരുടെ സഹായത്തോടെ വിതരണം ചെയ്യാനാണ് തീരുമാനമെടുത്തിട്ടുള്ളതായി കാണുന്നത്).

7. ഗ്രാമ പഞ്ചായത്ത് ഓഫീസിലും എം.സി.എഫിലുമായി ഏകദേശം 5000 ൽ മേലെ കാരി ബാഗുകൾ (500 എണ്ണത്തിന്റെ 14 ചാക്കുകൾ എങ്കിലും) വിതരണം ചെയ്യാതെ കൂട്ടിയിട്ടതായി ഓഡിറ്റിന്റെ ഭാഗമായുള്ള ഭൗതിക പരിശോധനയിൽ കാണാനായി. ഓഡിറ്റ് അവസാനിപ്പിച്ചതിന്റെ ഭാഗമായി നടത്തിയ ''എക്സിറ്റ് മീറ്റിംഗി''ൽ രണ്ട് വീതം ചാക്കുകൾ വിതരണം ചെയ്യാൻ ആയിരുന്ന പദ്ധതി എങ്കിലും ഒരെണ്ണം മാത്രം വിതരണം ചെയ്തതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും വിതരണത്തിൽ എൻ.എസ്.എസ് വളണ്ടിയർമാർക്ക് പങ്ക് ഉണ്ടായിട്ടില്ലെന്നും ശേഷിക്കുന്നവ വിതരണം ചെയ്യാൻ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബന്ധപ്പെട്ട ജനപ്രധിനിധികൾ ഉദ്യോഗസ്ഥന്മാരുടെ സാന്നിധ്യത്തിൽ അറിയിച്ചു. ക്രമ നം. 1 മുതൽ 4 വരെ അപാകതകൾക്ക് കാരണം/ പരിഹരിച്ചതിന്റെ വിവരം അറിയിക്കേണ്ടതും ശേഷിക്കുന്നവ വിതരണം ചെയ്ത് പുരോഗതി യുക്തമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചെലവു തുക 2,36,349 രൂപ തടസത്തിൽ വെക്കുന്നു. വിശദീകരാണമാരാഞ്ഞു നല്കിയ ഓഡിറ്റ് എ® ക്വയറി നം.16/23-24/18-09-2024-ൽ രേഖാമൂലമുള്ള മറു മറുപടി ഓഡിറ്റ് ക്യാമ്പിന്റെ അവസാന ദിവസം വരെയും ലഭ്യമായിട്ടില്ല.

1-31 എസ് എസ് എ പഞ്ചായത്ത് വിഹിതം അടവാക്കൽ – വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. 2/24

എസ് എസ് എ വിഹിതം അടവാക്കൽ (ജനറൽ)

വിനിയോഗിച്ച തുക – 3,00,000 രൂപ (പ്ളാൻ -ജനറൽ)

BRN – 231507520075011 6851/18.11.2023 – 3,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം 3,00,000 രൂപ എസ് എസ് എ വിഹിതം (ജനറൽ) ഇനത്തിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ , സമഗ്രശിക്ഷാ, കേരള ക്ക് നൽകിയിട്ടുണ്ട് .

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/2023-24/10.09.24) ഓരോ ഇനത്തിലും സ്കൂളുകൾ വേർതിരിച്ചുള്ള വിശദാംശങ്ങൾ നൽകണം എന്ന പരാമർശം ഒഴിവാക്കണമെന്ന മറുപടി സ്വീകാര്യമല്ല. സർക്കാർ നിർദേശം പാലിച്ച് വിവരമറിയിക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച 3,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-32 മുൻകൂറുകൾ നൽകിയത് – വ്യക്തതയില്ലാത്ത രേഖപ്പെടുത്തലുകൾ

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B 18 ഷെഡ്യൂൾ പ്രകാരം (അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരവും) താഴെ രേഖപ്പെടുത്തിയ തുകകൾ അസറ്റ് ഹെഡിൽ ബുക്ക് ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	ഇനം	തുക

1	460100101 -Festival Advance	3,000
2	460100199- Other Advances	2,90,598
3	460500202 -Advance To Implementing Agencies Deposit With Kerala State Electricity Board	33,74,919
4	460500204 -Advance To Implementing Agencies Deposit With Ground Water Department	1,20,328
5	460500501 -Advance To Implementing Officers	25,000
6	460500399 -Advance To Other Authorised Agencies	1,62,891
7	460500601- Advance To Grama Lakshmi Mudralayam	2,943
8	460509901 -Advance To Others	90,560 ൽ മുന്നിരിപ്പ് 20,560 രൂപയുടെ വിവരം ലഭ്യമല്ല.

വിശദമായ പരിശോധനയിൽ ഈ തുകകൾ വർഷങ്ങളായി ഒരേ തുക തന്നെ വാർഷിക കണക്കിൽ രേഖപ്പെടുത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടു. വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി നൽകിയ തുക യഥാസമയം വിനിയോഗിച്ചില്ല എന്നും നൽകിയ തുകയുടെ വിനിയോഗം കൃത്യമായ രീതിയിൽ മോണിറ്ററിംഗ് നടത്തിയില്ല എന്നും വ്യക്തമായി. മുൻകൂർ നൽകിയ തുകയുടെ കൃത്യത പരിശോധിച്ച് രജിസ്റ്റർ/വാർഷിക കണക്ക് എന്നിവ അപാകതകൾ ഇല്ലാതെ പരിഷ്കരിക്കേണ്ടതാണ്. അസറ്റ് ഹെഡിൽ രേഖപ്പെടുത്തിയ മേൽ തുകകളുടെ ആധികാരികത പരിശോധിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻകൃയറി നം. 31/2023-24/20.09.2024 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

1-33 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ട്രാക്ടർ ലേലം ചെയ്തില്ല

ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ സെക്രട്ടറി കസ്റ്റോഡിയൻ ഓഫീസറായുള്ള KL 10 G 5597 നം. ട്രാക്ടർ ഉപയോഗശൂന്യമായി തുരുമ്പെടുത്ത് നശിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ പരിശോധിച്ചതിൽ 1997-98 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 18.07.1998 ൽ സ്ഥലത്തെ പാടശേഖര സമിതികൾക്ക് കൃഷി ആവശ്യത്തിനായി സൗജന്യമായി ഉപയോഗപ്പെടുത്തുന്നതിനായി വാങ്ങിയ മഹേന്ദ്ര & മഹേന്ദ്ര 40 H P എഞ്ചിൻ ഡീസൽ ട്രാക്ടറാണെന്ന് വ്യക്തമായി. പാടശേഖര സമിതി അംഗങ്ങളിൽ നിന്നും അംശാദായം സ്വീകരിച്ച് പ്രവർത്തിച്ചു വന്നിരുന്ന വാഹനം 15.01.2010 ന് ശേഷം പ്രവർത്തിച്ചിട്ടില്ല.

ആയത് ഉപയോഗയോഗ്യമല്ലാത്തതിനാൽ അസിസ്റ്റ® ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ലിയു ഡി മെക്കാനിക്കൽ സബ് ഡിവിഷൻ കോഴിക്കോടിന്റെ നം. ഡി 2-5597/ പി ടി തീ.11.01.2023 നം. കത്ത് പ്രകാരം 90,000 രൂപ വിലനിശ്ചയിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ ലേലം നടന്നില്ല.

ട്രാക്ടറിന്റെ നികുതി കുടിശ്ശിക അടവാക്കാൻ നിർദ്ദേശിച്ച് തിരൂർ ആർ ടി ഒ ഗ്രാമപഞ്ചായത്തിന് നോട്ടീസ് നൽകിയിട്ടുള്ളതും, കുടിശ്ശിക ഒഴിവാക്കണം എന്ന് കാണിച്ച് ആർ ടി ഒക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. വെഹിക്കിൾ ഹിസ്റ്ററി ബുക്ക് ലഭ്യമായിട്ടില്ല. നിലവിൽ സ്ഥലപരിമിതി മൂലം വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുന്ന പഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നും ട്രാക്ടർ നീക്കം ചെയ്യേണ്ടത് ആവശ്യമെന്ന് കാണുന്നു.

മൂല്യനിർണ്ണയം ലഭിച്ചിട്ടും ട്രാക്ടർ ലേലം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻകൃയറി നം. 32/2023-24/ 20.09.24 – മറുപടി ലഭ്യമാക്കിയില്ല.)

1-34 ജലനിധി ബൾക്ക് വാട്ടർ സപ്ലൈ- ഗ്രാമപഞ്ചായത്തിന് ബാധ്യത

2023-24 വർഷത്തിൽ സെക്രട്ടറി തനത് ഫണ്ടിൽ നിന്നും തെന്നല ഗ്രാമപഞ്ചായത്തിലെ തെന്നല വെസ്റ്റ്, തെന്നല ഈസ്റ്റ് എന്നീ ജലനിധി ബൾക്ക് വാട്ടർ സപ്ലൈ കണക്ഷനുകളിൽ നിന്നുള്ള വാട്ടർ ചാർജ് ഇനത്തിൽ അസിസ്റ്റ® ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള ജല അതോറിറ്റി പി എച്ച് സബ്ഡിവിഷൻ തിരൂർ ന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

വൗച്ചർ നം./തീയ്യതി	**തുക**	**റിമാർക്സ്**
22300050/22.04.23	5,36,976	3/23 ലെ വാട്ടർ ചാർജ്
22300103/29.05.23	9,25,568	4/23 ലെ വാട്ടർ ചാർജ്
22300169/27.06.23	7,82,686	5/23 ലെ വാട്ടർ ചാർജ്
22300232/29.07.23	6,22,984	6/23 ലെ വാട്ടർ ചാർജ്

22300294/25.08.23	4,55,720	7/23 ലെ വാട്ടർ ചാർജ്
22300435/01.11.23	5,40,533	ഏത് മാസത്തെ തുകയാണെന്ന് വ്യക്തമല്ല.
22300544/15.12.23	3,84,437	10/23 ലെ വാട്ടർ ചാർജ്
22300647/27.01.24	10,44,168	12/23 ലെ വാട്ടർ ചാർജ്
22300706/29.02.24	2,57,892	1/24 ലെ വാട്ടർ ചാർജ്
22300795/26.03.24	5,17,228	2/24 ലെ വാട്ടർ ചാർജ്
ആകെ	**60,68,192**	

വിശദാംശങ്ങൾ പരിശോധിച്ചതിൽ തെന്നല ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ ഉണ്ടാക്കിയ എഗ്രിമെന്റ് (നം.TNLA/KWA/NO.01/2019-20 തീ. 29.01.2020)പ്രകാരം (എഗ്രിമെന്റിൽ ആരും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല) ലോകബാങ്ക് എയ്ഡഡ് ജലനിധി പദ്ധതി ഫേസ് II ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും Rehabilitation Of Multi GP KWA Scheme CWSS പ്രകാരം കേരള വാട്ടർ അതോറിറ്റി ജലം നൽകുകയും ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുന്നു. ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പാക്കുന്നതിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനാണ്. എഗ്രിമെന്റ് പ്രകാരം സർക്കാർ അന്തിമ തീരുമാനം എടുക്കുന്നത് വരെ പദ്ധതി നിലനിൽക്കുകയും ചെയ്യും. ഒരോ മാസവും 10-ാം തീയ്യതിക്ക് മുൻപായി ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിംഗ് പ്രകാരമുള്ള തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കണം. അടവാക്കാൻ വൈകുന്നപക്ഷം 2% പിഴ ചുമത്തുന്നതാണ്. 6/KLനിരക്കിലാണ് വെള്ളം വിതരണം നടത്തുന്നത്.മൊത്തം ഉപയോഗം 30% ൽ കവിയുന്നപക്ഷം 15/KL നിരക്കാണ് ചുമത്തുക എന്ന് ഉടമ്പടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർച്ചയായി രണ്ടുമാസത്തിലധികം തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഈടാക്കുവാൻ ജല അതോറിറ്റിക്ക് തദ്ദേശഭരണ വകുപ്പിനെ സമീപിക്കാവുന്നതാണ്. നിലവിൽ 3850 ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

പദ്ധതിയുടെ നടത്തിപ്പിനായി ഗുണഭോക്താക്കളുടെ സ്കീം ലെവൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. എസ് എൽ സി സെക്രട്ടറിയും ഗ്രാമപഞ്ചായത്തും തമ്മിൽ 28.01.2020 ന് ഒപ്പുവെച്ച എഗ്രിമെന്റ് പ്രകാരം (നം.TNLA/GP-SLC/A5/No.01/2019-20 തീ. 28.01.2020) പ്രകാരം ഗുണഭോക്താക്കളിൽ നിന്നും മീറ്റർ റീഡിംഗ് പ്രകാരമുള്ള തുക പിരിച്ച് ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടത് എസ് എൽ സിയുടെ ഉത്തരവാദിത്ത്വമാണ്. ജലവിതരണം സംബന്ധിച്ച ഗുണഭോക്താക്കളുടെ കൺസ്യൂമർ നമ്പർ, കെട്ടിടനമ്പർ , മീറ്റർ നമ്പർ, മീറ്റർ റീഡിംഗ് വിവരം എന്നിവ സൂക്ഷിക്കുന്നത് സ്കീം ലെവൽ കമ്മറ്റിയാണ്. കമ്മറ്റിയുടെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനോടാണ്.

ജി ഒ (എം എസ്) നം. 11/2023/W R D തീ. 03.02.2023 പ്രകാരം വെള്ളക്കരം പുതുക്കി ഒരു KL ന് 16.62 രൂപയായി നിശ്ചയിച്ചു. പൊതുജനങ്ങൾക്ക് ഒരു KL ന് 14.42 രൂപക്ക് വെള്ളം ലഭ്യമാകുമ്പോൾ ഈ പദ്ധതിക്ക് കീഴിൽ കൂടുതൽ നിരക്ക് ഈടാക്കുന്നതിനെതിരെ ഗുണഭോക്തൃ കമ്മറ്റി കോടതിയെ സമീപിക്കുകയും കോടതി വാട്ടർ അതോറിറ്റിയുടെ വാദം അംഗീകരിച്ച് കേസ് തീർപ്പാക്കുകയും താരിഫിൽ കുറവു വരുത്താൻ കഴിയില്ല എന്ന് കാണിച്ച് സ. ഉ (കൈ) 42/ 2024/ W R D തീ.04.02.2024 ഉത്തരവിറങ്ങുകയും ചെയ്തിട്ടുള്ളതാണ്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കേണ്ട ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനാണ്. എസ് എൽ സി യും ഗ്രാമപഞ്ചായത്തും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ച് ഗ്രാമപഞ്ചായത്തിലേക്ക് അടവാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എസ് എൽ സികൾ ഗ്രാമപഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ മുഴുവൻ വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2) 05.08.2020 ന് പദ്ധതി ആരംഭിച്ചതു മുതൽ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് അടവാക്കിയ തുകയുടെ മുഴുവൻ വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 2023-24 വർഷത്തിൽ ലഭ്യമായ ബില്ലിന്റെ വിവരം താഴെ പറയും പ്രകാരമാണ്.

ക്രമനം	**ബില്ലിന്റെ വിവരം**	**ബിൽ തുക**	**അടവാക്കിയ തുക**
1	നം.AB1/243/17 തീ.01.04.23 31.03.23 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 9,21,869 തെന്നല ഈസ്റ്റ് - 6,47,124 **ആകെ – 15,68,993**	5,36,976 രൂപ
2	നം.AB1/243/17 തീ.03.05.23 30.04.23 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 11,46,945 തെന്നല ഈസ്റ്റ് - 8,31,278 **ആകെ – 19,78,223**	കൃത്യമായ വിവരം ലഭ്യമല്ല
3	നം.AB1/243/17 തീ.02.06.23	തെന്നല വെസ്റ്റ് - 10,70,944 തെന്നല ഈസ്റ്റ് - 7,85,450	കൃത്യമായ വിവരം ലഭ്യമല്ല

	31.05.23 വരെയുള്ള ബില്ല്	**ആകെ – 18,56,394**	
4	നം.AB1/243/17 തീ.04.07.23 30.06.23 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 9,83,192 തെന്നല ഈസ്റ്റ് - 7,34,553 **ആകെ – 17,17,745**	കൃത്യമായ വിവരം ലഭ്യമല്ല
5	നം.AB1/243/17 തീ.08.08.23 31.07.23 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 9,16,016 തെന്നല ഈസ്റ്റ് - 6,55,518 **ആകെ – 15,71,534**	കൃത്യമായ വിവരം ലഭ്യമല്ല
6	നം.AB1/243/17 തീ.05.09.23 31.08.23 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 9,88,914 തെന്നല ഈസ്റ്റ് - 6,88,486 **ആകെ – 16,77,400**	കൃത്യമായ വിവരം ലഭ്യമല്ല
7	നം.AB1/243/17 തീ.05.10.23 30.09.23 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 12,94,622 തെന്നല ഈസ്റ്റ് - 9,23,402 **ആകെ – 22,18,024**	കൃത്യമായ വിവരം ലഭ്യമല്ല
8	നം.AB1/243/17 തീ.10.11.23 31.10.23 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 15,37,605 തെന്നല ഈസ്റ്റ് - 11,09,217 **ആകെ – 26,46,822**	കൃത്യമായ വിവരം ലഭ്യമല്ല
9	നം.AB1/243/17 തീ.14.12.23 30.11.23 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 14,98,947 തെന്നല ഈസ്റ്റ് - 10,64,303 **ആകെ – 25,63,250**	കൃത്യമായ വിവരം ലഭ്യമല്ല
10	നം.AB1/243/17 തീ.06.01.24 31.12.23 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 16,30,072 തെന്നല ഈസ്റ്റ് - 11,29,409 **ആകെ – 27,59,481**	കൃത്യമായ വിവരം ലഭ്യമല്ല
11	നം.AB1/243/17 തീ.05.02.24 31.01.24 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 13,28,557 തെന്നല ഈസ്റ്റ് - 9,36,847 **ആകെ – 22,65,404**	കൃത്യമായ വിവരം ലഭ്യമല്ല
12	നം.AB1/243/17 തീ.12.03.24 29.02.24 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 16,38,549 തെന്നല ഈസ്റ്റ് - 12,09,571 **ആകെ – 28,48,120**	കൃത്യമായ വിവരം ലഭ്യമല്ല
	നം.AB1/243/17 തീ.05.04.24 31.03.24 വരെയുള്ള ബില്ല്	തെന്നല വെസ്റ്റ് - 18,51,416 തെന്നല ഈസ്റ്റ് - 13,18,797 **ആകെ – 31,70,213**	കൃത്യമായ വിവരം ലഭ്യമല്ല

മേൽ ബില്ലുകളിൽ എത്ര തുക അടവാക്കിയെന്ന് കൃത്യമായ വിവരം ലഭ്യമായിട്ടില്ല. കുടിശ്ശിക തുകയും ഫൈനും ഉൾപ്പെടെയുള്ളതാണ് വാട്ടർ അതോറിറ്റിയുടെ ബിൽ തുക . 08/23, 09/23, 11/23 മാസങ്ങളിൽ തുക അടവാക്കിയോ എന്നും വ്യക്തമായിട്ടില്ല.

തനത് ഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റിക്ക് നാളിതുവരെ അടവാക്കിയ മുഴുവൻ തുകയുടെ വിവരവും കുടിശ്ശിക ഫൈൻ ഇനത്തിൽ തുക അടവാക്കിയതിന്റെ വിവരവും (ബില്ലുകൾ സഹിതം) പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3)പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമല്ല.

4) ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 15/01/2024 ലെ തീരുമാന പ്രകാരം കേരള ജല അതോറിറ്റി അസിസ്റ്റ® റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ നോട്ടീസ് പ്രകാരം തെന്നല എസ് എൽ ഇസി നവംബർ വരെയുള്ള കുടിവെള്ള ചാർജ്ജ് ഇനത്തിൽ 25,63,250/- കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്നും ഡിസംബർ മാസത്തേത് അടക്കം ആയത് മൂപ്പത് ലക്ഷത്തിന് മുകളിൽ വരുമെന്നും ആയത് ഇപ്രകാരം അടവാക്കാതിരിക്കുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾക്ക് കാരണമാകുമെന്നും കുടിശ്ശിക ഈടാക്കുന്നതിന് ജല അതോറിറ്റി സർക്കാറിനെ സമീപിക്കുമെന്ന് ആവർത്തിച്ച് അറിയിപ്പ് നൽകുന്നുണ്ട് എന്നും അത്തരത്തിലുള്ള നടപടികളിലേക്ക് നീങ്ങിയാൽ ഗ്രാമ പഞ്ചായത്തിനുള്ള പദ്ധതി വിഹിതത്തിൽ നിന്നോ പൊതു ആവശ്യ ഫണ്ടിൽ നിന്നോ ആയത് കുറവ് വരുത്തുന്ന ഗുരുതരമായ സ്ഥിതിവിശേഷം

സംജാതമാകുമെന്നും ആയതിനാൽ കുടിശ്ശിക അടിയന്തിരമായി എസ് എൽ ഇസി യിൽ നിന്ന് ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കണമെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചത് ചർച്ച ചെയ്തു. വിഷയത്തിൻറെ ഗൗരവ്വം ഭരണ സമിതി ഉൾക്കൊള്ളുകയും ബോധ്യപ്പെടുകയും ചെയ്തു. എസ് എൽ ഇ സി നിലവിലും ഗുണഭോക്താക്കളിൽ നിന്ന് വാട്ടർ ചാർജ്ജ് ശേഖരിച്ച് വരുന്നുണ്ട് എന്നും ആയത് അടവാക്കാതെ കൈവശം സൂക്ഷിക്കുന്നതായും ആയത് ക്രമ വിരുദ്ധമായ നടപടി ആണെന്നും യോഗം നിരീക്ഷിച്ചു. എന്നാൽ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സത്വരം സ്വീകരിക്കേണ്ടതില്ല എന്നും കുടിശ്ശിക മൂന്ന് ദിവസത്തിനകം അടവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകിരിക്കാൻ എസ് എൽ ഇസി ഭാരവാഹികൾക്ക് കത്ത് നൽകുന്നതിനും തീരുമാനിച്ചു. ഗ്രാമ പഞ്ചായത്ത് തീരുമാനത്തിൻമേലുള്ള തുടർ നടപടി വിവരം ലഭ്യമായിട്ടില്ല.

5)എല്ലാ രേഖകളും സെക്രട്ടറി നിയോഗിക്കുന്ന ഓഡിറ്റർ അല്ലെങ്കിൽ ഓഫീസേഴ്സ് ഓഡിറ്റ് ചെയ്യുന്നതാണെന്നും ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ ഉണ്ടാക്കിയ എഗ്രിമെന്റിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഓഡിറ്റ് നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.12/23-24/18.09.24) മറുപടിയിൽ തനത്ഫണ്ടിൽ നിന്നും ഈ ഇനത്തിൽ നാളിതുവരെയും ഒരു തുകയും അടവാക്കിയിട്ടില്ലെന്നും, കരാർ പ്രകാരം ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ രേഖകൾ പലതവണ ആവശ്യപ്പെട്ടിട്ടും എസ് എൽ ഇസികൾ ലഭ്യമാക്കാത്തതുകൊണ്ടാണ് ഓഡിറ്റ് നടത്താതിരുന്നത് എന്നും ബോധിപ്പിച്ചു. കുടിശ്ശിക അടിയന്തിരമായി തീർപ്പാക്കുന്നതിന് എസ് എൽ ഇസികൾക്ക് നിർദേശം നൽകി പ്രശ്ന പരിഹരമുണ്ടാക്കുന്നതാണെന്നും അറിയിച്ചു.
വാട്ടർ അതോറിറ്റിക്ക് നാളിതുവരെ അടവാക്കിയ മുഴുവൻ തുകയുടെ വിവരവും കുടിശ്ശിക ഫൈൻ ഇനത്തിൽ തുക അടവാക്കിയതിന്റെ വിവരവും (ബില്ലുകൾ സഹിതം) പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം , നാളിതുവരെ ഓരോരുത്തർക്കും ലഭിച്ച ബില്ലിന്റെ വിവരം, അടവാക്കിയ തുകയുടെ വിവരം, കുടിശ്ശിക തുകയുടെ വിവരം വാട്ടർ അതോറിറ്റിക്ക് നാളിതുവരെ അടവാക്കാനുള്ള കുടിശ്ശിക വിവരം, ഗുണഭോക്താക്കളിൽ നിന്നും തുക പരിച്ച് ഗ്രാമപഞ്ചായത്തിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ സംബന്ധിച്ച് കൃത്യമായ വിവരശേഖരണം നടത്തി ക്രോഡീകരിച്ച് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-35 കരാർ പുതുക്കാത്ത ജീവനക്കാർക്ക് കരാർ വേതനവും ആനുകൂല്യങ്ങളും നൽകി

ജി ഒ (എം എസ്)നം.265/2021/ എൽഎസ് ജി ഡി തീ. 01.02.2021 പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റായി ഗ്രാമപഞ്ചായത്തിൽ നിയമിതനായ ശ്രീ. അബ്ദുൾബാരി, ജി ഒ (ആർ ടി) നം.1864/2021/എൽഎസ് ജി ഡി തീ. 24.09.2021 പ്രകാരം പ്രോജക്ട് അസിസ്റ്റന്റായി ഗ്രാമപഞ്ചായത്തിൽ നിയമിതനായ ശ്രീമതി. ഫാത്തിമ ജൂസ്ന , മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിക്ക് കീഴിൽ ജി ഒ (എം എസ്)നം 48/2006/ എൽ എസ് ജി ഡി തീ. 31.01.2006 ൽ നിഷ്കർഷിച്ചതിൽ പ്രകാരം പുതിയതായി നിയമിതയായ ശ്രീമതി. സമീറ വി എന്നിവർക്ക് പ്രസ്തുത ഉത്തരവ് പ്രകാരം അതത് സമയങ്ങളിൽ സർക്കാർ നിശ്ചയിട്ടുള്ള കരാർ വേതനം (യഥാക്രമം 30,995 രൂപ, 22,290 രൂപ, 24,040 രൂപ) അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാർ 2023-24 വർഷത്തിൽ കരാർ പുതുക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.

ടെക്നിക്കൽ അസിസ്റ്റന്റായി ഗ്രാമപഞ്ചായത്തിൽ നിയമിതനായ ശ്രീ. അബ്ദുൾബാരി 31.03.2022 ന് ശേഷം കരാർ പുതുക്കിയിട്ടില്ല. നിലവിലും എഗ്രിമെന്റ് വെച്ചിട്ടില്ല. ശ്രീമതി.ഫാത്തിമ ജൂസ്ന 31.03.2023 ന് ശേഷം കരാർ പുതുക്കിയിട്ടില്ല. നിലവിലും എഗ്രിമെന്റ് വെച്ചിട്ടില്ല. ശ്രീമതി. സമീറ വിയെ കരാർവെക്കാതെയാണ് നിയമിച്ചിട്ടുള്ളത്. കരാർവെക്കാത്ത ജീവനക്കാർക്ക് കരാർ നിയമത്തിന് അനുവദിച്ച വേതനം നൽകിയതും ലീവ് സറണ്ടർ അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയതും തീർത്തും ക്രമവിരുമാണ്.

കരാർ ജീവനക്കാരല്ലാത്ത ഇവർക്ക് മേൽ പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയതിനും ലീവ് സറണ്ടർ അടക്കമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയതിനും കാരണം വ്യക്തമാക്കുവാൻ നിർദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 13/2023-24/18.09.2024) മുഴുവൻ ജീവനക്കാരുടെയും നിയമനം സംബന്ധിച്ച് യഥാവിധി കരാർ ചമച്ച് അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-36 അഭ്യസ്ത വിദ്യർക്ക് കരിയർ ഗൈഡൻസ് ക്ലാസും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ക്യാമ്പും സംഘടിഷിക്കൽ പദ്ധതി – വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം - 215/24

അഭ്യസ്ത വിദ്യർക്ക് കരിയർ ഗൈഡൻസ് ക്ലാസും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ക്യാമ്പും സംഘടിപ്പിക്കൽ പദ്ധതി (ജനറൽ)

അടങ്കൽ തുക – 5,000 രൂപ (ധനകാര്യകമ്മീഷൻ അവാർഡ്)

- 5,000 രൂപ (തനത് ഫണ്ട്)

ആകെ – 10,000 രൂപ

വിനിയോഗിച്ച തുക – 3550 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. - 22300765/15.03.2024 - 3550 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി അഭ്യസ്ത വിദ്യർക്ക് കരിയർ ഗൈഡൻസ് ക്ലാസും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ക്യാമ്പും സംഘടിപ്പിക്കൽ ഇനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളത്. 141 പേർക്ക് ക്ലാസ് എടുത്തവകയിലുള്ള ചെലവ് (2000 രൂപ), ബാനർ പോസ്റ്റർ ചെലവ് (850 രൂപ) ,റീഫ്രഷ്മെന്റ് (700 രൂപ) എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചത് .

അഭ്യസ്ത വിദ്യർക്ക് കരിയർ ഗൈഡൻസ് ക്ലാസും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ക്യാമ്പും സംഘടിപ്പിക്കൽ പദ്ധതി നടപ്പാക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ്/സർക്കാർ അനുമതി പത്രം, പദ്ധതിയിൽ പങ്കെടുത്തവർ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ എടുത്തതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/2023-24/ 18.09,2024),സ.ഉ (കൈ)നം. 84/2022/ തസ്വഭവ തീ.19.04.2022 ഖണ്ഡിക 7.1 പ്രകാരം 2030 ഓടെ രാജ്യ 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുണ്ട് എന്നും ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റിന്റെ 50% തുക പ്രസ്തുത ആവശ്യത്തിന് വകയിരുത്തണമെന്ന് നിർദ്ദേശമുള്ളതാണെന്നും അതിൽ പ്രകാരം പദ്ധതിക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ വെറ്റിംഗ് നൽകിയതിൽ പ്രകാരമാണ് പദ്ധതിവെച്ചത് എന്ന് ബോധിപ്പിച്ചു. എന്നാൽ തനത് ഫണ്ടിൽ നിന്നാണ് തുക വിനിയോഗിച്ചിട്ടുള്ളത്. ആയതിന് കാരണം വ്യക്തമാക്കിയില്ല.
കൂടാതെ, പദ്ധതി ഗുണഭോക്താക്കളായ 141 പേരും എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ എടുത്തതിന്റെ വിവരവും ലഭ്യമാക്കിയില്ല. മേൽ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ ചെലവുതുക 3550 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-37 അഗതി രഹിത കേരളം പദ്ധതി – അവലോകനം

അഗതി രഹിത കേരളം പദ്ധതിയുടെ കേരള ഗ്രാമീൺ ബാങ്ക്, തെന്നല ബ്രാഞ്ച് അക്കൗണ്ടിൽ (നം. 40174101050154)31.03.2024 ന് 8710 രൂപയാണ് നീക്കിയിരിപ്പുള്ളത്. 2019- ജൂലൈയിലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. പദ്ധതിയുടെ നാളിതു വരെയുള്ള ധനവിനിയോഗ വിവരം താഴെ പറയും പ്രകാരമാണ്.

ആശ്രയ പദ്ധതി ബാലൻസ്	12,26,354
ഒന്നാം ഗഡു ലഭിച്ചത്	ലഭിച്ചില്ല. (ആശ്രയ പദ്ധതി ബാലൻസ് ഉള്ളതിനാൽ)
രണ്ടാം ഗഡു ലഭിച്ചത്	38,256 രൂപ
ആകെ	12,64,610 രൂപ

പദ്ധതിക്കായി പ്ലാൻഫണ്ട് ലഭിച്ചിട്ടില്ല. മൂന്നാം ഗഡു ചലഞ്ച് ഫണ്ടും ലഭിച്ചിട്ടില്ല.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, ആവശ്യങ്ങൾ, സഹായം ലഭ്യമായതിന്റെ വിവരം തുടങ്ങിയവ താഴെ പറയും പ്രകാരമാണ്.

വിദ്യാഭ്യാസ സഹായം	61 പേർക്ക്	ഗുണഭോക്താക്കൾക്ക് സഹായം നൽകിയതിന്റെ വിവരം ലഭ്യമല്ല.
ഭക്ഷണം(കിറ്റ്) ആവശ്യമുള്ളവർ	111 പേർക്ക്	കിറ്റ് നൽകിയിട്ടുണ്ട്
ചികത്സ ആവശ്യമുള്ളവർ	15 പേർക്ക്	8 പേർക്ക് സഹായം ലഭിക്കുന്നുണ്ട്.
കുടിവെള്ളം	10	ജലനിധി പദ്ധതി മുഖേന ലഭിക്കുന്നുണ്ട്.
വസ്ത്രം	122പേർക്ക്	സഹായം ലഭിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമായിട്ടില്ല.
സ്ഥലം വാങ്ങൽ	2 പേർക്ക്	സഹായം ആർക്കും ലഭിച്ചിട്ടില്ല
വീട് റിപ്പയർ	15 പേർക്ക്	7പേർക്ക് സഹായം ലഭിച്ചു
വീട്	12 പേർക്ക്	5 പേർക്ക് സഹായം ലഭിച്ചു

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ്)നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് 2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം 2022 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ കിറ്റ് ഇനത്തിൽ 1,14,872 രൂപയാണ് തൻവർഷം ചെലവഴിച്ചത്.

പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി പഞ്ചായത്ത് പ്രദേശത്തെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ

തദ്ദേശഭരണ സ്ഥാപനം ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ല. ചികിത്സ ആവശ്യമുള്ള 15 പേരിൽ 8 പേർക്കാണ് നിലവിൽ ചികിത്സ ലഭ്യമാക്കുന്നത്.

മേൽ മാർഗ്ഗരേഖ 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

ഖണ്ഡിക 4.2.2.1 പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതികുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിന് ശേഷം മാത്രമെ തദ്ദേശ ഭരണസ്ഥാപനത്തിലെ മറ്റ കുടുംബങ്ങൾക്ക് വീട് നൽകുവാൻ പാടുള്ളു.ആകെ 12 ഗുണഭോക്താക്കളുള്ളതിൽ അഞ്ചുപേർക്കാണ് പദ്ധതി അവസാനഘട്ടത്തിലെത്തിയിട്ടും നിലവിൽ ഭവനം ലഭ്യമായിട്ടുള്ളത്. ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്. വീട് റിപ്പയർ 15 പേർക്ക് ആവശ്യമെങ്കിലും നിലവിലും 7പേർക്കാണ് സഹായം ലഭ്യമായത്.

ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകുന്നതിനപ്പുറം പദ്ധതിയിൽ പുരോഗതി ഉണ്ടായിട്ടില്ല .നിലവിൽ ഭക്ഷ്യകിറ്റും ലഭ്യമാക്കുന്നില്ല. നിലവിൽ പ്രവർത്തനം നിലച്ച നിലയിലാണ്.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും നാമമാത്രമാണ്.പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയതായി വിവരമില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 24/2023-24 /18.09.24- മറുപടി ലഭ്യമാക്കിയില്ല.)

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2023-24	2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്, നം	ചെലവഴിച്ച തുക	
ബ്ലോക്ക് പഞ്ചായത്ത്	250743	49/24 സമഗ്ര നെൽകൃഷി വികസനം	250743	
	20000	62/24 ലൈഫ് ഭവന നിർമ്മാണം എസ് സി.പി	20000	
	150000	24/24 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	150000	

	516050	47/24 ലൈഫ് ഭവന നിർമ്മാണം ജനറൽ	516050	
	14085	11/24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	14085	950818
ജില്ലാ പഞ്ചായത്ത്	327200	49/24 സമഗ്ര നെൽകൃഷി വികസനം	327200	
	700000	47/24 ലൈഫ് ഭവന നിർമ്മാണം ജനറൽ	700000	
	50000	24/24 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	50000	
	78800	42/24 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	78800	1156000

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ/ബിൽ നമ്പർ	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)	
കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവെക്കൽ (218/24)	22300620/18-1-24	47416	47416	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	തൻവർഷം ലഭിച്ച വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി (HUDCO)	GO(MS)68/2018/LSGD/ 18.05.18	2500000	0	111598	0	2388402

4-6 സ്ഥിര നിക്ഷേപങ്ങൾ.

എ) സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	55945229
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	313975
ആകെ	5909204
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5909204

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നം.
KGB Through	3183304	010686848/1-10-2018

KGB Thennala	3183304	0196868/01.10.2018
KGB Thennala	2722900	0196799/17.06.2019
Malappuram Co-Op Spinning Mill	3000	1322/27-7-1977

4–7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ /തിയ്യതി
1978-79	8(A)	8	സെക്രട്ടറി	1230100458/20.05.2023
1978-79	1-12	188	സെക്രട്ടറി	1230100459/20.05.2023
2022-23	എൻക്വയറി നമ്പർ-9	653	മുനീർ.കെ,കരാറുകാരൻ	1230101827/17.10.2023
2022-23	എൻക്വയറി നമ്പർ-9	795	മുനീർ.കെ,കരാറുകാരൻ	1230101828/17.10.2023
2022-23	എൻക്വയറി നമ്പർ-9	2567	തേക്കിൽ മുഹമ്മദ് കുട്ടി, കരാറുകാരൻ	1230101830/17.10.2023
2022-23	എൻക്വയറി നമ്പർ-24	4970	ബുർഹാനുൽ ഹഖ്, കരാറുകാരൻ	1230101834/18.10.2023
ആകെ		9181		

4–8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പു പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2013-14	5-2	(അദ്ധ്യായം 9-5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും - പ്രവർത്തന ക്ഷമതാ റിപ്പോർട്ട്	നിയമസഭാ സമിതിയുടെ പരിഗണനയിൽ

4–9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഉത്തരവാദി	ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ	തുക (₹)	അവശേഷിക്കുന്ന തുക (₹)	റിമാർക്സ്
1	2007-08	3(15)	ശ്രീ.പി.കൃഷ്ണൻകുട്ടി	LF6448/Spl.Cell/SC/D1/12 Dtd 16.02.2015	8,838	8,838	അടവാക്കിയ വിവരം ലഭ്യമല്ല
2	2007-08	3(16)	ശ്രീ.പി.കൃഷ്ണൻകുട്ടി	LF6448/Spl.Cell/SC/D1/12 Dtd 16.02.2015	1,44,625	1,44,625	അടവാക്കിയ വിവരം ലഭ്യമല്ല
3	2003-04	3-(12), 3-(13)(1), 3(13)(2), 3(14)(2), 3(15)	ശ്രീ സി ജെ വർഗ്ഗീസ്, സെക്രട്ടറി	LF4520/Spl.Cell/Sc5/09 Dt. 02.05.12	28,255	28,255	Rt. 11065/28/14.08.12 പ്രകാരം തിരിച്ചടച്ചു
4	2008-09	3-12	ശ്രീ. ഫ്രാൻസിസ് വർഗ്ഗീസ്,	LF1957/Spl.Cell/C-SC/D1/13	21,631	21,631	അടവാക്കിയ വിവരം

	2010-11		അസിസ്റ്റന്റ് എഞ്ചീനീയർ	Dt. 24.03.15			ലഭ്യമല്ല

4–10 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	118099962
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	103161507
വരവിനങ്ങളിലെ നഷ്ടം (₹)	0
ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	0
ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹)	890926

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഖണ്ഡിക നം.	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
	-		
ആകെ			

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും
1-28	351027	ശ്രീ.വിജയകുമാർ.വി, സെക്രട്ടറി
1-30	236349	ശ്രീ.സുമൻ.എസ്, വി.ഇ.ഒ
1-31	300000	ശ്രീ.വിജയകുമാർ.വി, സെക്രട്ടറി
1-36	3550	ശ്രീ.വിജയകുമാർ.വി, സെക്രട്ടറി
ആകെ	890926	

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

4–11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1972-73	എൽ.എഫ്.എം.9/507/87, 31.10.89	10
1978-79	എൽ.എഫ്.എം.9/513/87, 31.10.89	3
1980-81	എൽ.എഫ്.എം.9/515/87, 31.10.89	1
1982-83	എൽ.എഫ്.എം.9/956/87, 31.10.89	4
1984-85	എൽ.എഫ്.എം.9/39/89, 01.03.89	28
1985-86	എൽ.എഫ്.എം.9/1054/91, 22.11.91	2
1986-87	എൽ.എഫ്.എം.9/27/92, 20.06.92	11

1987-88, 1988-89	കെ.എസ്.എ.എം.പി.എം.14/2141/2022(1), 31.10.22	2
1996-97	കെ.എസ്.എ.എം.പി.എം.14/2141/2022(4), 31.10.22	1
01.07.1998 മുതൽ 31.03.2001 വരെ പ്ലാൻ	എൽ.എഫ്.എം.13/884/04, 21.10.04	39
1997-98 (വരവ്)	എൽ.എഫ്.എം.10/2081/06, 10.04.07	1
1997-98 (ചെലവ്)	എൽ.എഫ്.എം.15/449/99, 31.01.05	28
1998-99 (പ്ലാൻ ഒഴികെ)	കെ.എസ്.എ.എം.പി.എം.14/2141/2022(5), 31.10.22	3
1999-00 (പ്ലാൻ ഒഴികെ)	കെ.എസ്.എ.എം.പി.എം.14/1579/2019, 13.12.21	2
2000-01 (പ്ലാൻ ഒഴികെ)	കെ.എസ്.എ.എം.പി.എം.14/1432/2018, 13.12.21	4
2001-02	എൽ.എഫ്.എം.10/2343/07, 15.12.08	6
2002-03	എൽ.എഫ്.എം.10/232/18, 27.01.18	6
2003-04	കെ.എസ്.എ.എം.പി.എം.14/2141/2022(6), 31.10.22	4
2004-05	എൽ.എഫ്.എം.10/1322/08, 13.01.09	11
2005-06	എൽ.എഫ്.എം.10/1735/09, 18.01.10	9
2006-07	കെ.എസ്.എ.എം.പി.എം.14/2141/2022(7), 31.10.22	18
2007-08	കെ.എസ്.എ.എം.പി.എം.14/2141/2022(8), 16.12.22	16
2008-09	കെ.എസ്.എ.എം.പി.എം.14/2141/2022(9), 31.10.22	2
2009-10, 2010-11	എൽ.എഫ്.എം.14/896/13, 31.10.13	16
2011-12, 2012-13	കെ.എസ്.എ.എം.പി.എം.14/2141/2022(10), 31.10.22	3
2013-14, 2014-15	കെ.എസ്.എ.എം.പി.എം.14/2141/2022(11), 31.10.22	8
2015-16	കെ.എസ്.എ.എം.പി.എം.14/27/2016, 19.6.18	9
2016-17	കെ.എസ്.എ.എം.പി.എം.14/1811/2017, 21.07.18	8
2017-18	കെ.എസ്.എ.എം.പി.എം.14/2431/, 22.02.19	13
2018-19	കെ.എസ്.എ.എം.പി.എം.14/58/20, 05.05.20	13
2019-20	കെ.എസ്.എ.എം.പി.എം.14/1236/2021, 09.05.22	22
2020-21	കെ.എസ്.എ.എം.പി.എം.14/1237/2021, 09.05.22	28

2021-22	കെ.എസ്.എ.എം.പി.എം.14/159/2023, 27.05.23	8
2022-23	കെ.എസ്.എ.എം.പി.എം.14/2351/2023, 08.01.24	22

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure–1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 17-07-2024 and submitted on 18-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thennela Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thennela Grama Panchayat as on 31-03-2024

Date: 05/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thennela Grama Panchayat for the Year 2023–2024.

1.Major Observations

NIL

2.Other Observations

1.The following Bank statements are not presented for the verification

a) S.B.T (A/C Number:57031225563)

b)S.B.T (A/C Number:57031225530)

2.The details of the O.B of the following deposits are not entered in the deposit register.

Sl.No	Item	O.B
1	Contractors E.M.D	7140
2	Contractors Security Deposit	92924
3	Election Deposit	81000
4	Suppliers E.M.D	27000
5	Bidders E.M.D	55500
6	Suppliers Security Deposit	19986

3.The expendicture directly given to the beneficiaries of the N.R.E.G.S scheme is Rs.5515665/- as per their cashbook.

But, as per the schedule I-14 it is Rs.5529633/-

4.As per the N.R.E.G.S cashbook Rs.1048232/- has recouped in the current year and the balance amount to be recouped is 576843/-,but they are Rs.576581/-and Rs.1036474/- respectively as per the advance register.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്